Neethu S.B
Office assistant
Thrissur
Neethu SB

സംസ്ഥാനമിഷൻ - ജെൻഡറിന്റെ ആഭിമുഖ്യത്തിൽ നവംബർ 29, 30 ഡിസംബർ 1 എന്നീ തീയതികളിൽ തിരുവനന്തപുരം മരിയാറാണി സെന്ററിൽ വെച്ച് 3 ദിവസത്തെ പരിശീലന ക്ലാസ് നടന്നു. വളരെയേറെ ഉപകാരപ്രദമായിരുന്നു ക്ലാസ്. പ്രസ്തുത ക്ലാസുകളിൽ നിന്ന് ജെൻഡറിനെപ്പറ്റിയും സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും അതിനെ പ്രതിരോധിക്കാനുള്ള നിയമങ്ങളെപ്പറ്റിയും മനസ്സിലാക്കാൻ സാധിച്ചു.

ആദ്യദിനത്തിൽ ക്ലാസ് എടുത്തത് മേഴ്സി കാപ്പൻ ആയിരുന്നു. ക്ലാസിൽ പലതരം ആക്റ്റിവിറ്റികളിലൂടെ ജെൻഡറിനെയും (ലിംഗപദവി) മറ്റു അനുബന്ധ വിഷയങ്ങളെപ്പറ്റിയും വിവരിച്ചു തന്നു. സമൂഹത്തിലെ നിലവിലുള്ള പല ചട്ടക്കൂടുകളിലൂടെയാണ് സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള വ്യത്യാസങ്ങൾ ഉടലെടുത്തതെന്ന് മനസ്സിലാക്കി തന്നു. ഇതിൽ കുടുംബങ്ങൾ, മതം, വിദ്യാലയങ്ങൾ, ജോലിസ്ഥലങ്ങൾ, മാധ്യമങ്ങൾ തുടങ്ങിയവയുടെ പങ്ക് ചെറിയ സ്കിറ്റുകളിലൂടെ രസകരമായി ടീമുകളായി അവതരിപ്പിച്ചു. സ്ത്രീകൾക്കും പുരുഷന്മാർക്കും ശരീരഘടനയിലുള്ള വ്യത്യാസം ഒഴിച്ച് ഒരേ കഴിവുകളുണ്ടെന്ന് വിവരിച്ചു. പ്രായോഗിക

ലിംഗപദവി ആവശ്യങ്ങളെയും (SGN) തന്ത്രപരമായ ലിംഗപദവി ആവശ്യങ്ങളെയും കേസ് സ്റ്റഡിയിലൂടെ അറിയിച്ചു തന്നു.

30-ാം തിയതി കുട്ടികളുടെ അവകാശങ്ങളെ പറ്റിയും, POCSO Act, CWCA യെ പറ്റിയും കൃത്യമായി പറഞ്ഞു തന്നു. Gender Based violence നെയും Convergence of Service നെയും വിശദീകരിച്ചു. ട്രാൻസാക്ഷൻ അനാലിസിസ് ക്ലാസിൽ നമ്മുടെയെല്ലാം ഉള്ളിലുള്ള വ്യത്യസ്ത ഭാവങ്ങളും - രക്ഷകർത്താവ്, Adult, Child എന്നിവ മനശാസ്ത്രപരമായ സമീപനത്തെയും പറ്റിയും ഒരുപാട് ഉദാഹരണങ്ങളിലൂടെ മനു ജോസഫ് സർ വിശദീകരിച്ചു.

1-ാം തിയതി അഡ്വ. സന്ധ്യ മാഡം ഒരുപാട് കേസുകളുടെ വെളിച്ചത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള നിയമങ്ങളെപ്പറ്റി പറഞ്ഞുതന്നു. സ്നേഹിതയുമായി ബന്ധപ്പെട്ട് വരാവുന്ന കേസുകൾക്ക് (ഗാർഹികപീഡനം, ലൈംഗികപീഡനം തുടങ്ങിയവ) ഇവ വളരെ ഉപകാരപ്രദമാണ്.

വൈകിട്ടുള്ള സെഷൻ സ്നേഹിതയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഒരുപാട് കാര്യങ്ങൾ പറയുകയും സംശയം ദൂരീകരിക്കുകയും ചെയ്തു. തുടക്കക്കാരായ ഞങ്ങൾക്ക് അത് വളരെ ഉപകാരപ്രദമായിരുന്നു. സൂക്ഷിക്കേണ്ട രജിസ്റ്ററുകളെപ്പറ്റിയും ഓരോരുത്തരുടെയും ചുമതലകളെപ്പറ്റിയും വിവരിക്കുകയും സ്നേഹിതാംഗങ്ങളുടെ സംശയങ്ങളുടെ നിവാരണവും സ്റ്റേറ്റ് മിഷൻ അംഗങ്ങളായ സുജിത ചേച്ചിയും ജ്യോത്സ്നചേച്ചിയും ശരിക്ക് പറഞ്ഞു മനസ്സിലാക്കി.